## ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്.

**പുറപ്പെടുവിക്കുന്നത് : ഡോ. അമിത് മല്ലിക്, ഐ.എഫ്.എസ്**

**വിഷയം:** ജനറൽ പ്രോവിഡന്റ് ഫണ്ട് - പണം പിൻവലിക്കൽ -വനം വകുപ്പിലെ വിവിധ ഓഫീസുകളിൽ അനുമതി നൽകാവുന്ന തുകയുടെ ഉയർന്ന പരിധി നിശ്ചയിക്കുന്നത് - സംബന്ധിച്ച്.

**സൂചന:** സർക്കാർ ഉത്തരവ് - ജി.ഒ.(പി) നമ്പർ - 58/2017/ധനം തീയതി 03.05.2017.

**ഉത്തരവ് നമ്പർ എച്ച്4-56857/2017. തീയതി : 15.11.2017**

ജനറൽ പ്രോവിഡന്റ് ഫണ്ടിൽ നിന്നും സർക്കാർ ജീവനക്കാർക്ക് താൽക്കാലിക വായ്പ, തിരിച്ചടയ്ക്കേണ്ടാത്ത വ്യവസ്ഥയിലുള്ള വായ്പ എന്നീ ഇനങ്ങളിൽ പണം പിൻവലിക്കുന്നതിന് വിവിധ ഓഫീസുകളിൽ അനുമതി നൽകാവുന്ന പരമാവധി പരിധി സംബന്ധിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക വായ്പ, എൻ.ആർ.എ ഇനങ്ങളിൽ ജനറൽ പ്രോവിഡന്റ് ഫണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് വനം വകുപ്പിലെ വിവിധ ഓഫീസുകളിൽ അനുമതി നൽകാവുന്ന തുകയുടെ ഉയർന്ന പരിധി താഴെ പറയും പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| തസ്തിക/ഓഫീസ് | പരമാവധി പരിധി (Rs) |
|---|---|
| ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ,<br>വൈൽഡ്‌ലൈഫ് വാർഡൻ, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ,<br>അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ<br>(എല്ലാ വിഭാഗം ഡിവിഷൻ ഓഫീസുകളും) | 3,90,000/- |
| റീജിയണൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ ഫോറസ്റ്റ് കൺസർവേറ്റർ (എല്ലാ വിഭാഗം റീജിയണൽ/സർക്കിൾ ഓഫീസുകളും) | 5,25,000/- |
| പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ആസ്ഥാന ഓഫീസ്) | പരിധിയില്ല |

*D:\akhila2017\Proceedings\H4\14834-2017 Mal.doc*

വനംവകുപ്പിലെ എല്ലാ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരും ഓഫീസ് മേധാവികളും ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

OFFICE OF THE ADDL. PRL. CHIEF CONSERVATOR OF FORESTS (ADMIN) KERALA

ഡോ. അമിത് മല്ലിക്, ഐ.എഫ്.എസ്
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
(ഭരണം)

പകർപ്പ്:-
1. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ഫോറസ്റ്റ് കൺസർവേറ്റർ/ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ്ലൈഫ് വാർഡൻ/അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ഭരണം) എന്നിവർക്കും നൽകുന്നു.
2. വനംവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
3. സ്റ്റോക്ക് ഫയൽ.

D:\akhila2017\Proceedings\H4\14834-2017 Mal.doc